# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:20.09.2026**

### പ്രധാനവാർത്തകൾ

1. സബ്സിഡിയുള്ള ഗാർഹിക എൽ.പി.ജി സിലിണ്ടറുകൾക്ക് ബയോമെട്രിക് ആധാർ പരിശോധന നിർബന്ധമാക്കി കേന്ദ്ര സർക്കാർ.

2. ലഹരിമുക്ത യുവത എന്ന സന്ദേശവുമായി രാജ്യത്തെ വിവിധ കേന്ദ്രങ്ങളിൽ ഇന്ന് 'രാഷ്ട്രീയ സങ്കൽപ് സമാരോഹ്' പരിപാടി സംഘടിപ്പിക്കുന്നു

3. സംസ്ഥാനത്തെ ഭൂവിനിയോഗ നിയന്ത്രണങ്ങളിൽ ആവശ്യ മായ നിയമഭേദഗതികൾ വരുത്താൻ തീരുമാനിച്ചതായി മന്ത്രി എ.പി അനിൽകുമാർ

4. കാർഗോ സേവനങ്ങൾ കൂടി ഉൾപ്പെടുത്തി ചരക്കു ഗതാഗത സംവിധാനം വിപുലീകരിക്കുമെന്ന് കെഎസ്ആർടിസി

5. സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മൂന്ന് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

6. ഏഷ്യൻ ഗെയിംസിൽ, വനിതകളുടെ 10 മീറ്റർ എയർ റൈഫിളിൽ ഇന്ത്യയ്ക്ക് വെള്ളി മെഡൽ.

❄❄❄ ❄❄❄ ❄❄❄ ❄❄❄ ❄❄❄

RNUTVPM

എൽ.പി.ജി ബയോമെട്രിക്

സബ്സിഡിയുള്ള ഗാർഹിക എൽ.പി.ജി സിലിണ്ടറുകൾക്ക് ബയോമെട്രിക് ആധാർ പരിശോധന ഒക്ടോബർ ഒന്നു മുതൽ നിർബന്ധമാക്കിയതായി കേന്ദ്ര സർക്കാർ അറിയിച്ചു. സബ്സിഡി, അർഹരായ കുടുംബങ്ങളിലേക്ക് മാത്രം എത്തുന്നുവെന്ന് ഉറപ്പാക്കാനും ഗാർഹിക സിലിണ്ടറുകൾ വാണിജ്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് തടയാനും വ്യാജ കണക്ഷനുകൾ ഒഴിവാക്കാനും ഇതുവഴി സാധിക്കുമെന്ന് പെട്രോളിയം പ്രകൃതി വാതക മന്ത്രാലയം പ്രസ്താവനയിൽ വ്യക്തമാക്കി.

❊❊❊ ❊❊❊ ❊❊❊ ❊❊❊ ❊❊❊

## ലഹരിമുക്ത യുവത

വികസിത ഭാരതത്തിനായി ലഹരിമുക്ത യുവത' എന്ന സന്ദേശവുമായുള്ള 100 ആഴ്ചത്തെ പ്രചാരണ പരിപാടിയുടെ ഭാഗമായി രാജ്യത്തെ 1,067 കേന്ദ്രങ്ങളിൽ ഇന്ന് 'രാഷ്ട്രീയ സങ്കൽപ് സമാരോഹ്' സംഘടിപ്പിക്കും. കേന്ദ്ര യുവജന കാര്യ കായിക മന്ത്രാലയത്തിൻറെ ആഭിമുഖ്യത്തിൽ രാജ്യത്തെ 471 ജില്ലാ 'മൈ ഭാരത്' ഓഫീസുകളിലും മറ്റ് സംഘടനകളുടെ 596 കേന്ദ്രങ്ങളിലുമാണ് ഈ പരിപാടി നടക്കുന്നത്. ലഹരിവിരുദ്ധ പ്രതിജ്ഞ, ഒപ്പ് ശേഖരണം, തെരുവ് നാടകങ്ങൾ, ചർച്ചകൾ എന്നിവയിലൂടെ പ്രചാരണ സന്ദേശം യുവാക്കളിലേക്ക് നേരിട്ടെത്തിക്കും.

RNU TVPM

❊❊❊ ❊❊❊ ❊❊❊ ❊❊❊ ❊❊❊

## റവന്യൂ മന്ത്രി എ.പി. അനിൽകുമാർ

സംസ്ഥാനത്തിൻറെ വ്യവസായ, വിനോദസഞ്ചാര വികസനത്തിനായി ഭൂവിനിയോഗ നിയന്ത്രണങ്ങളിലും ഭൂപരിമിതികളിലും ആവശ്യമായ നിയമ ഭേദഗതികൾ വരുത്താൻ സർക്കാർ തീരുമാനിച്ചതായി റവന്യൂ മന്ത്രി എ.പി. അനിൽകുമാർ. കോഴിക്കോട് ജില്ലാ പട്ടയമേള ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പഴക്കമുള്ള നിയമ തടസ്സങ്ങൾ പരിഹരിച്ച് വ്യവസായ -ടൂറിസം ആവശ്യങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുമെന്നും മന്ത്രി പറഞ്ഞു.

❊❊❊ ❊❊❊ ❊❊❊ ❊❊❊ ❊❊❊

## കെഎസ്ആർടിസി കാർഗോ

കെഎസ്ആർടിസി വിജയകരമായി നടത്തിവരുന്ന ചരക്കു ഗതാഗത സംവിധാനം, കാർഗോ സേവനങ്ങൾ കൂടി ഉൾപ്പെടുത്തി കൂടുതൽ വിപുലീകരിക്കും. ഇതിൻറെ ആദ്യഘട്ടമായി ഏഴ് മുതൽ എട്ട് ടൺ വരെ ഭാരവാഹക ശേഷിയുള്ള അഞ്ച് വാഹനങ്ങൾ ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിനായി കെഎസ്ആർടിസി ടെൻഡർ ക്ഷണിച്ചു. ആദ്യ ഘട്ടത്തിൽ അഞ്ച് വാഹനങ്ങൾ ഉൾപ്പെടുത്തി ആരംഭിക്കുന്ന കാർഗോ സേവനം ഘട്ടംഘട്ടമായി വിപുലീകരിക്കും. കെഎസ്ആർടിസിയുടെ നിലവിലുള്ള ചരക്കു ഗതാഗത ശൃംഖല കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ടിക്കറ്റ് ഇതര വരുമാനം വർധിപ്പിക്കുന്നതിനും പുതിയ സംവിധാനം സഹായകമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

❄❄❄ ❄❄❄ ❄❄❄ ❄❄❄ ❄❄❄

## റേഷൻ കാർഡ്

സംസ്ഥാനത്ത് സ്മാർട്ട് പി.ഡി.എസ് പദ്ധതി നടപ്പാക്കുന്നതിൻറെ ഭാഗമായി തുടർച്ചയായി ആറുമാസമായി റേഷൻ വിഹിതം കൈപ്പറ്റാത്ത കാർഡുകൾ ഡീആക്ടിവേറ്റ് ചെയ്യും. ഇത്തരത്തിലുള്ള 'സൈലൻറ് റേഷൻ കാർഡുകൾ' എല്ലാ മാസവും 21-ന് കണ്ടെത്തി തൊട്ടടുത്ത മാസം ഒന്നാം തീയതി മുതൽ റേഷൻ ലഭിക്കാത്തവിധം റദ്ദാക്കുമെന്ന് പൊതുവിതരണ ഉപഭോക്തൃ കാര്യ കമ്മീഷണർ അറിയിച്ചു. ഡീആക്ടിവേറ്റ് ചെയ്ത കാർഡു കളിലെ എല്ലാ ഗുണഭോക്താക്കളും മൂന്ന് മാസത്തിനകം ഇ-കെ.വൈ.സി പൂർത്തിയാക്കിയാൽ മാത്രമേ കാർഡ് വീണ്ടും ആക്ടിവേറ്റ് ചെയ്യുകയുള്ളൂ.

RNU TVPM

❄❄❄ ❄❄❄ ❄❄❄ ❄❄❄ ❄❄❄

## വയനാട് (ഇൻട്രോ)

വയനാട്ടിലെ നെൽപ്പാടങ്ങൾ വരൾച്ചയുടെ പിടിയിൽ. നെൽച്ചെടികൾ കരിഞ്ഞുണങ്ങുന്ന സ്ഥിതിയാണ്. മഴ കുറഞ്ഞതോടെ നീരുറവകൾ വറ്റിവരണ്ടതാണ് നെൽകൃഷിയെ പ്രതിസന്ധിയിലാക്കിയത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാപ്രതിനിധി അരുൺ വിൻസെൻറ്...

(വോയ്സ്)

❄❄❄ ❄❄❄ ❄❄❄ ❄❄❄ ❄❄❄

## എൻ.ഐ റ്റി കാലിക്കറ്റ്

ചരിത്രപരമായി കേരളം ഇന്ത്യൻ കായിക മേഖലയുടെ ശക്തി കേന്ദ്രമാണെന്ന് കേന്ദ്ര വിദ്യാഭ്യാസ സഹമന്ത്രി സുകാന്ത മജുംദാർ. പി.ടി ഉഷ, അഞ്ജു ബോബി ജോർജ്, എം.ഡി വത്സമ്മ, ടി.സി യോഹന്നാൻ, പി.ആർ ശ്രീജേഷ് തുടങ്ങിയവർ ഇതിന് ഉദാഹരണമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. എൻ.ഐ.റ്റി കാലിക്കറ്റിൽ പുതുതായി നിർമ്മിച്ച മേജർ ധ്യാൻ ചന്ദ് സ്പോർട്സ് കോംപ്ലക്സിൻറെ ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

❄❄❄ ❄❄❄ ❄❄❄ ❄❄❄ ❄❄❄

## സമാശ്വാസം പദ്ധതി

സാമൂഹ്യ നീതി വകുപ്പിന് കീഴിലെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പാക്കുന്ന 'സമാശ്വാസം' പദ്ധതിയുടെ നടപ്പ് സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്ക് 4.80 കോടി രൂപ അനുവദിച്ചു. അർഹരായ 3640 ഗുണഭോക്താക്കൾക്ക് പദ്ധതി വഴി പ്രതിമാസ ധനസഹായം ലഭിക്കും.

❄❄❄ ❄❄❄ ❄❄❄ ❄❄❄ ❄❄❄

## ശ്രീനാരായണ ഗുരു സമാധി ദിനാചരണം

99-ാമത് ശ്രീനാരായണഗുരു മഹാസമാധി ദിനാചരണം നാളെ വർക്കല ശിവഗിരിയിൽ നടക്കും. മഹാപരി നിർവാണ സമ്മേളനവും ശതാബ്ദിയാചരണ സമാരംഭവും മുഖ്യമന്ത്രി വി.ഡി സതീശൻ ഉദ്ഘാടനം ചെയ്യും. മന്ത്രി ടി.സിദ്ദിഖ് വിശിഷ്ടാതിഥിയാകും. തുടർന്ന് നടക്കുന്ന പള്ളാത്തുരുത്തി ഗുരുദേവ മഹാസന്ദേശ ശതാബ്ദി സമ്മേളനം മന്ത്രി ഒ.ജെ ജനീഷ് ഉദ്ഘാടനം ചെയ്യും.

❄❄❄ ❄❄❄ ❄❄❄ ❄❄❄ ❄❄❄

## സേവാ സങ്കൽപ് അഭിയാൻ

പ്രധാനമന്ത്രി നരേന്ദ്ര മോദി ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും സംഘടിപ്പിക്കുന്ന ഒരു മാസം നീളുന്ന സേവാ സങ്കൽപ് അഭിയാൻ പുരോഗമിക്കുന്നു. 'സേവാ സങ്കൽപ്

RNU TVPM

അഭിയാൻ' പ്രത്യേക പരമ്പരയിലൂടെ, ചരക്ക് സേവന നികുതി നടപ്പിലാക്കിയതിൻറെ നേട്ടങ്ങളാണ് ഇന്ന് അവതരിപ്പിക്കുന്നത്. ജി എസ് ടിക്ക് മുമ്പ്, സംസ്ഥാനങ്ങൾക്കിടയിലുള്ള ചരക്ക് നീക്കത്തിന് പലതവണയുള്ള നികുതി പരിശോധനകളും നീണ്ട കാത്തിരിപ്പും ആവശ്യമായിരുന്നു. എന്നാൽ, ജി എസ് ടിയിലൂടെ 17 നികുതികളെയും 13 സെസ്സുകളെയും ഒരു പൊതു ചട്ടക്കൂടിന് കീഴിൽ കൊണ്ടുവന്നതിലൂടെ ഒരു രാജ്യം, ഒരു നികുതി, ഒരു വിപണി എന്നത് യാഥാർത്ഥ്യമായി.

❄❄❄ ❄❄❄ ❄❄❄ ❄❄❄ ❄❄❄

## ഐ.ഡി.എസ്.എഫ്.എഫ്.കെ+പി. സി. വിഷ്ണുനാഥ്

18-ാമത് കേരള രാജ്യാന്തര ഡോക്യുമെന്ററി- ഹ്രസ്വചിത്രമേളയിലേക്ക് സംസ്ഥാന ചലച്ചിത്ര അക്കാദമി തെരഞ്ഞെടുത്ത ചിത്രങ്ങൾക്ക് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം പ്രദർശനാനുമതി നിഷേധിച്ച നടപടി പുനഃപരിശോധിക്കണമെന്ന് മന്ത്രി പി. സി. വിഷ്ണുനാഥ് ആവശ്യപ്പെട്ടു. സെൻസർ സർട്ടിഫിക്കറ്റില്ലാത്ത 347 സിനിമകളുടെ പട്ടിക ഇളവിനായി ചലച്ചിത്ര അക്കാദമി മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. ഇതിൽ 31 ചിത്രങ്ങൾക്കാണ് പ്രദർശനാനുമതി നിഷേധിച്ചത്. തിരുവനന്തപുരത്ത് ഈ മാസം 25 മുതൽ 30 വരെയാണ് മേള സംഘടിപ്പിക്കുന്നത്.

RNUTVPM

❄❄❄ ❄❄❄ ❄❄❄ ❄❄❄ ❄❄❄

## പാലക്കാട് (വോയ്സ്)

നവംബർ 7 മുതൽ 17 വരെ നടക്കുന്ന പ്രസിദ്ധമായ പാലക്കാട് കൽപ്പാത്തി രഥോത്സവത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുടക്കമായി. രഥോത്സവത്തിന് നേതൃത്വം നൽകുന്ന അഗ്രഹാര ക്ഷേത്ര ഭാരവാഹികൾ പ്രഥമ യോഗം ചേർന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...

(വോയ്സ്)

❄❄❄ ❄❄❄ ❄❄❄ ❄❄❄ ❄❄❄

## ശബരിമല

ശബരിമല മണ്ഡല-മകരവിളക്ക് തീർഥാടനത്തിന് മുന്നോടിയായി പത്തനംതിട്ട ജില്ലാ കളക്ടർ എ.നിസാമുദീന്റെ നേതൃത്വത്തിലുള്ള സംഘം സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങൾ സന്ദർശിച്ച് അടിസ്ഥാന സൗകര്യങ്ങളും സുരക്ഷാ മുന്നൊരുക്കങ്ങളും വിലയിരുത്തി. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ശബരിമല മുന്നൊരുക്ക അവലോകന യോഗത്തിലെ തീരുമാനങ്ങളുടെ തുടർനടപടികൾ അവലോകനം ചെയ്യുന്നതിൻറെ ഭാഗമായാണ് സന്ദർശനം. ദേവസ്വം, പോലീസ്, റവന്യൂ, ആരോഗ്യം തുടങ്ങി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ കളക്ടറെ അനുഗമിച്ചു.

❄❄❄ ❄❄❄ ❄❄❄ ❄❄❄ ❄❄❄

## ചാമ്പ്യൻസ് ബോട്ട് ലീഗ്

സംസ്ഥാന ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന ഈ വർഷത്തെ ചാമ്പ്യൻസ് ബോട്ട് ലീഗിൻറെ ആദ്യ മത്സരത്തിൽ അരോമ ചുണ്ടൻ ജേതാവായി. ആലപ്പുഴ കരുവാറ്റയിൽ നടന്ന വള്ളം കളിയിൽ മേൽപ്പാടം ചുണ്ടനാണ് രണ്ടാം സ്ഥാനം. മന്ത്രി രമേശ് ചെന്നിത്തല വള്ളംകളി ഉദ്ഘാടനം ചെയ്തു. മന്ത്രിമാരായ എം.ലി ജു, പി.സി വിഷ്ണുനാഥ് എന്നിവർ പങ്കെടുത്തു.

RNUTVPM

❄❄❄ ❄❄❄ ❄❄❄ ❄❄❄ ❄❄❄

## ഏഷ്യൻ ഗെയിംസ്

20-ാമത് ഏഷ്യൻ ഗെയിംസിൽ, വനിതകളുടെ 10 മീറ്റർ എയർ റൈഫിൾ ടീം ഇനത്തിൽ ഇന്ത്യയ്ക്ക് മെഡൽ നേട്ടം. ഇളവേനിൽ വാളറിവേൻ, സോനം മസ്കർ, മലയാളിയായ വിദർശ വിനോദ് എന്നീ മൂവർസംഘമാണ് ഇന്ത്യയ്ക്കായി വെള്ളിമെഡൽ നേടിയത്. ഒന്നാം സ്ഥാനം ചൈനയ്ക്കാണ്. വനിതാ ഹോക്കിയിൽ ആദ്യ മത്സരത്തിൽ ഉസ്ബെക്കിസ്ഥാനെതിരെ 19-0 എന്ന സ്കോറിൻറെ വമ്പൻ വിജയത്തോടെ ഇന്ത്യ കുതിപ്പിന് തുടക്കമിട്ടു. പുരുഷന്മാരുടെ 100 മീറ്റർ നീന്തലിൽ ഇന്ത്യയുടെ ഋഷഭ് ദാസ് ഫൈനലിന് യോഗ്യത നേടി. ഫൈനൽ മത്സരം ഇന്ന് ഉച്ചകഴിഞ്ഞ് നടക്കും.

❄❄❄ ❄❄❄ ❄❄❄ ❄❄❄ ❄❄❄

## പത്തനംതിട്ട (ഇൻട്രോ)

കേന്ദ്രസർക്കാർ പദ്ധതിയായ രാഷ്ട്രീയ ഗോകുൽ മിഷന് കീഴിലുള്ള ഇൻ്റർജീനസ് ബ്രീഡ് മൾട്ടിപ്ലിക്കേഷൻ പ്രോജക്ടിൻ്റെ സംസ്ഥാനത്തെ ആദ്യ ഫാം പത്തനംതിട്ട പുല്ലാട്ട് ഒരുങ്ങുന്നു. ബ്രീഡ് കൺസർവേഷൻ വിഭാഗത്തിൽ 2025ലെ ഐ.സി.എ.ആർ പുരസ്കാര ജേതാവായ അജയ കുമാറിൻ്റെ ഫാം പ്രോജക്ട് അന്തിമ ഘട്ട പ്രവർത്തനങ്ങളിലാണ്.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ

(വോയ്സ്)

❉❉❉ ❉❉❉ ❉❉❉ ❉❉❉ ❉❉❉

## മഴ

സംസ്ഥാനത്ത് ഇന്നും നാളെയും പരക്കെ മഴയ്ക്ക് സാധ്യത. കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. നാളെ മൂന്ന് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്.

RIJU TVPM

❉❉❉ ❉❉❉ ❉❉❉ ❉❉❉ ❉❉❉

## കള്ളക്കടൽ പ്രതിഭാസം

കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിലെ തീരങ്ങളിൽ നാളെ രാത്രി 8.30 വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര വിവര വിശകലന കേന്ദ്രം അറിയിച്ചു.

❉❉❉❉❉❉❉❉❉❉❉❉❉❉❉
❉❉❉❉❉❉❉❉❉❉❉❉❉
❉❉❉❉❉❉❉❉❉❉
❉❉❉❉❉❉